പാലിച്ചിട്ടില്ല. നിയമങ്ങളും ചട്ടങ്ങളും മറികടന്നാണ് അവിടെ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. ഉദ്യോഗസ്ഥൻമാർ തോന്നിയമാതിരിയാണ് അവിടെ ഭൂമി വിതരണം നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ നേരിട്ട് ഉത്തരവാദിത്വമുണ്ടെന്ന് ഞാൻ പറയുന്നില്ല. ഈ ക്രമക്കേടും അഴിമതിയും നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനു പകരം അവർക്ക് 'ഗുഡ് സർവ്വീസ് എൻട്രി' നൽകിയെന്നാണ് പത്രത്തിൽ വന്നത്. ഈ വസ്തുതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് എനിക്കറിയേണ്ടത്. അതുപോലെതന്നെ ഗവൺമെന്റ് ഇതന്വേഷിച്ച് ഈ ക്രമക്കേടുകൾ നടത്തിയവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? ഇതാണ് എനിക്കറിയേണ്ടത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പീരുമേട്ടിൽ കഴിഞ്ഞ വർഷം ആർ. ബി. ടി. കമ്പനിയിൽനിന്നും ഏറ്റെടുത്ത ഏതാണ്ട് 1026 ഏക്കർ സ്ഥലമാണ് വിതരണം നടത്തിയത്. 1444 ഏക്കർ ഉള്ളതിൽ 418 ഏക്കർ പ്രൈവറ്റ് ഫോറസ്റ്റ് എന്നുള്ള നിലയിൽ മാറ്റിയിട്ടിരിക്കുകയാണ്. ആ തർക്കം തീർന്നിട്ടില്ല. 1026 ഏക്കറാണ് ; അതിൽ ബഹുമാനപ്പെട്ട ജിനദേവൻ പറഞ്ഞതുപോലെ കുറെ പരാതികളുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ അർഹതയുള്ളവരെ കണ്ടെത്താനും ശരിയായ വെരിഫിക്കേഷൻ നടത്താനും നടപടി ഉണ്ടായിട്ടില്ല. അവിടെ അനർഹരായിട്ടുള്ളവർക്ക് സ്ഥലം കൊടുത്തിരിക്കുന്നു എന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. അതേപ്പറ്റി ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ജില്ലാ കളക്ടറോട് അന്വേഷിക്കാൻ പറയുകയും ദേവികുളം സബ് കളക്ടർ അതിനെപ്പറ്റി ചില പ്രാഥമിക അന്വേഷണങ്ങൾ കുറേഭാഗങ്ങളിൽ നടത്തുകയും ചെയ്തു. വെരിഫിക്കേഷന്റെ കാര്യത്തിൽ കുറെ കുറവുണ്ടായിട്ടുണ്ട്. ചില ക്യാമ്പുകൾ വച്ച് ആണ് ആ ഭൂമി വിതരണം നടത്താൻവേണ്ട നടപടികൾ സ്വീകരിച്ചത് എന്നുള്ള ഒരു പരാതിയാണ് മുഖ്യമായിട്ടുള്ളത്. അതുപോലെ വെരിഫിക്കേഷനിലുണ്ടായ കുറവുകൊണ്ട് അർഹതയില്ലാത്തവർക്കും ഭൂമി കിട്ടാൻ ഇടയായി. ഭൂമി കൈമാറ്റം നടന്നു. പല ഉദ്യോഗസ്ഥൻമാരും ഇതിൽപെടും എന്നുള്ള ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഫെബ്രുവരി മാസം രണ്ടാംതീയതി മുതൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് അതിന്റെ അന്വേഷണം ഏറ്റെടുത്തിരിക്കുകയാണ്. അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു, പൂർണ്ണമായ ഒരു റിപ്പോർട്ട് കിട്ടിയിട്ടില്ല. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

[10 a. m.]

(6) മരുതൻകുഴി—ജഗതി—കണ്ണേറ്റുമുക്ക് റോഡ്

ശ്രീ. കെ. ശങ്കരനാരായണപിള്ള : സർ, തിരുവനന്തപുരം നഗരത്തിലെ മരുതൻകുഴി മുതൽ ജഗതി കണ്ണേറ്റുമുക്ക് വരെയുള്ള കൊച്ചുമർ റോഡ് ഡ്രെയിനേജ് പൈപ്പുകൾ ഇടുന്നതിനുവേണ്ടി കുഴിച്ചതാണ്. എന്നാൽ പിന്നീട് അത് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടില്ല. കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ഉണ്ടായിരുന്നതും ആയിരക്കണക്കിന് വാഹനങ്ങളും യാത്രക്കാരും സഞ്ചരിച്ചിരുന്നതുമായ ആ റോഡ് ഇപ്പോൾ വാട്ടർ അതോറിറ്റി പണം കൊടുക്കാത്തതുകൊണ്ടാണ് ടാർ ചെയ്യാത്തത് എന്നാണ് പി. ഡബ്ല്യു. ഡി. പറയുന്നത്. ഈ വകുപ്പുകളുടെ തർക്കംകാരണം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുന്നു. അതുകൊണ്ട് അടിയന്തിരമായി പ്രസ്തുത റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിത്തരണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : ഇക്കാര്യത്തിലുള്ള തർക്കങ്ങളെല്ലാം തീർന്ന് പി. എച്ച്. ഇ. ഡി. പണം അടച്ചു. വർക്കിന് ഓർഡർ കൊടുത്തിട്ടുണ്ട്.

(7) കാസർകോട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലെ എക്സറേ പ്ലാൻറ്

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ആയിരക്കണക്കിന് മൽസ്യത്തൊഴിലാളികളും അതുപോലെ തന്നെ മറ്റ് തൊഴിലാളികളും ഹരിജനങ്ങളും ഗിരിജനങ്ങളും ആശ്രയിക്കുന്ന ഏക ആശുപത്രിയാണ് കാസർകോട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി. 1980-ൽ നിയമസഭയിലേക്ക് ഞാൻ ആദ്യമായി കടന്നു വന്ന അന്നുമുതൽ തന്നെ അവിടെയൊരു എക്സറേ പ്ലാൻറ് സ്ഥാപിക്കണമെന്ന ആവശ്യമുന്നയിച്ച് വളരെയേറെ സമ്മർദ്ദം ചെലുത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ അടുത്ത കാലത്തായി അവിടെ ഒരു പുതിയ പ്ലാൻറ് അനുവദിക്കപ്പെട്ടു എന്നാണ് അറിയാൻ കഴിഞ്ഞത്. അത് ഇപ്പോൾ ആരോഗ്യ വകുപ്പ് വേറെ ഏതോ സ്ഥലത്തേക്ക് മാറ്റാൻ ആലോചിക്കുന്നതായി അറിയുന്നു. അതിനാൽ ആ പ്രദേശത്തെ ആളുകൾ ഇപ്പോൾ വളരെയേറെ നിരാശരാണ്. അടിയന്തിരമായി ആശുപത്രിയുടെ എക്സറേ പ്ലാൻറ് അവിടെ നിലനിർത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കണം, ഈ ആശുപത്രിയുടെ ഒരായിരം പ്രശ്നങ്ങൾ ഇവിടെ പറയാനുണ്ട്. ബഹുമാനപ്പെട്ട മെയർ സമയം വളരെ കർശനമായി നിയന്ത്രിച്ചതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): എക്സറേ പ്ലാൻറ് വാങ്ങാനുള്ള കൽപ്പന അയച്ചിട്ടുണ്ട്. അതിൻറെ പർച്ചേഴ്സിനെ സംബന്ധിച്ച റിക്കാർഡ് പർച്ചേഴ്സ് കമ്മിറ്റിക്ക് റഫർ ചെയ്തു. പർച്ചേഴ്സ് കമ്മിറ്റി ചില വിശദവിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ വിവരങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ വാങ്ങി സ്ഥാപിക്കുന്നതാണ്.

(8) പല്ല-പൈന്നൂർ ലക്ഷം വീട് കോളനിയിലെ ഒരു മുസ്ലീം സ്ത്രീയുടെ തിരോധാനം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, എൻറെ നിയോജകമണ്ഡലത്തിൽ പെട്ട പല്ല-പൈന്നൂർ ലക്ഷംവീട് കോളനിയിൽ അലീമത്ത് എന്ന ഒരു മുസ്ലീം സ്ത്രീ പ്രസവിച്ച് 19-ാം ദിവസമായപ്പോൾ കാണാതായി. അതിനെ സംബന്ധിച്ച് ലോക്കൽ പോലീസിൽ പല പ്രാവശ്യം അന്വേഷണത്തിന് ആവശ്യപ്പെട്ടിട്ടും ഫലപ്രദമായ ഒരു അന്വേഷണം നടന്നിട്ടില്ല. ഇത് നേരിട്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിച്ച് വസ്തുത പുറത്തുകൊണ്ടു വരാത്തതിനാൽ മൂന്നരമാസമായി അവിടെ നാട്ടുകാരുടെ ആക്ഷൻ കമ്മിറ്റി സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ സ്ത്രീയുടെ നാല് വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിനാട്ടിൽ മുഴുവൻ നടന്ന് അമ്മയെ കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അടിയന്തിരമായി ഇത് ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്ത് അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ ഗവൺമെൻറ് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, പ്രസ്തുത സംഭവം ആ നാട്ടിൽ വളരെ ഉൽക്കണ്ഠ ഉളവാക്കിയിട്ടുള്ള ഒന്നാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly